**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1344** **27-07-2021 - ൽ മറുപടിയ്ക്ക്**

**പാലുൽപ്പാദനം വർദ്ധിപ്പിക്കാനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പശു വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ചവർക്ക് പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം, കറവപ്പശുക്കളെ വാങ്ങുന്നതിനുള്ള ധനസഹായം, തീറ്റപ്പുൽകൃഷി, യന്ത്രവത്കരണം, മറ്റ് അവശ്യാധിഷ്ഠിത ധനസഹായങ്ങൾ എന്നിവ ക്ഷീരകർഷകർക്ക് നൽകി വരുന്നു. പശു വളർത്തൽ ഉപജീവന മാർഗ്ഗമായി സ്വീകരിച്ച കർഷകർക്ക് 60 വയസ്സിനു ശേഷം ക്ഷീര കർഷക ക്ഷേമനിധി പെൻഷനും അർഹതയുണ്ട്. എറണാകുളം മേഖലയിൽ കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, മെഡിക്ലെയിം ഇൻഷ്വറൻസ് സബ്സിഡി, അകിടുവീക്ക നിയന്ത്രണത്തിനുള്ള പ്രത്യേക പദ്ധതി, വൈക്കോൽ വിതരണ സബ്സിഡി, വിരശല്യ നിർമ്മാർജ്ജന പദ്ധതി, കറവയന്ത്ര സബ്സിഡി, റബ്ബർമാറ്റ് സബ്സിഡി, സംഘം ജീവനക്കാർക്കും കർഷകർക്കും പരിശീലനം, ചാഫ് കട്ടർ ധനസഹായം, വീൽ ബാരോ സബ്സിഡി, പ്രഷർ വാഷ് സബ്സിഡി, പശു വായ്പ പലിശ സബ്സിഡി എന്നിവ നൽകുന്നുണ്ട്.കൂടാതെ മൃഗചികിത്സ സംവിധാനം പുനരാരംഭിക്കുന്നതിന് പി ആൻറ് ഐ ബജറ്റിൽ 1.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തിരുവനന്തപുരം മേഖലയിൽ ഗോവർദ്ധിനി കന്നുകുട്ടി ദത്തെടുക്കൽ പദ്ധതി, ക്ഷീരസംഘങ്ങൾക്കുള്ള പുനരുദ്ധാരണ പദ്ധതി, സമയബന്ധിതമായ കൃത്രിമ ബീജധാന പദ്ധതി, അടിയന്തിര മൃഗചികിത്സാ സൗകര്യം, മൃഗചികിത്സാ ക്യാമ്പുകൾ/കർഷക ബോധവൽക്കരണ സെമിനാറുകൾ/ വെബിനാറുകൾ, കന്നുകാലി ഇൻഷ്വറൻസ് പ്രീമിയം സബ്സിഡി, കെട്ടിടനിർമ്മാണ ഗ്രാൻറ് എന്നിവ നടപ്പിലാക്കി വരുന്നു. മലബാർ മേഖലാ യൂണിയൻ ക്ഷീരകർഷകർക്ക് ഗുണമേന്മയുള്ള തീറ്റ വസ്തുക്കളായ ഹൈബ്രിഡ് നേപ്പിയർ പച്ചപ്പുല്ല്, കായ്ഫലത്തോടുകൂടിയ ചോളത്തണ്ട്, ചോള സൈലേജ് എന്നിവ സബ്സിഡിയോടുകൂടി നൽകി വരുന്നു. കൂടാതെ ഗുണമേന്മയുള്ള വൈക്കോലും |

| | | | |
|---|---|---|---|
| | | | സമീകൃത കാലിത്തീറ്റയും കടലപ്പിണ്ണാക്ക്, പരുത്തിപ്പിണ്ണാക്ക്, അരിത്തവിട്, ഗോതമ്പുതവിട് എന്നിവയും ലഭ്യമാക്കുന്നുണ്ട്. അർഹരായ കർഷകർക്ക് പകുതി വിലയ്ക്ക് ധാതുലവണ മിശ്രിതം, ബൈപ്പാസ് ഫാറ്റ് എന്നിവ മലബാർ മിൽമ നൽകുന്നുണ്ട്. കർഷകർക്ക് ഇൻസെമിനേഷന് ചെലവാകുന്ന ബീജമാത്രകളുടെ വില പൂർണമായും സൗജന്യമായി നൽകുന്നുണ്ട്. മൃഗ ചികിത്സ ലഭ്യമാകാത്ത ഇടങ്ങളിൽ നാമമാത്രമായ ചാർജ് ഈടാക്കിക്കൊണ്ട് മരുന്നും ഡോക്ടറുടെ സേവനവും കർഷക ഭവനങ്ങളിൽ ലഭ്യമാക്കുന്നുണ്ട്. പശുക്കളെ ഇൻഷ്വർ ചെയ്യുന്നതിന് പ്രീമിയത്തിന്റെ ഒരു വിഹിതം മിൽമ മലബാർ മേഖലാ യൂണിയൻ നൽകി വരുന്നുണ്ട്. അർഹരായ കർഷകർക്ക് തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകി വരുന്നുണ്ട്. തെരഞ്ഞെടുക്കപ്പെട്ട കർഷകർക്ക് അവരുടെ പശുക്കുട്ടികളെ 2 വർഷക്കാലം ദത്തെടുത്തുകൊണ്ട് പകുതി വിലയ്ക്ക് കാലിത്തീറ്റയും, ധാതുലവണ മിശ്രിതം , മീനെണ്ണ, 3 വർഷത്തേക്ക് സൗജന്യ ഇൻഷ്വറൻസ് പരിരക്ഷയും നൽകി വരുന്നുണ്ട്. അകിട് രോഗം മൂലം കർഷകർക്ക് ഉണ്ടാകുന്ന വലിയ നഷ്ടം ഒഴിവാക്കാനായി സൗജന്യ അകിട് രോഗ പരിശോധന വ്യാപക മായി മലബാർ മേഖലാ യൂണിയൻ നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച വരുന്ന നടപടികൾ വിശദമാക്കാമോ? | (ബി) | ക്ഷീരോല്പാദന മേഖലയിലേയ്ക്ക് യുവസംരംഭകരെ കൂടുതലായി കൊണ്ടു വരിക, കാലിസമ്പത്ത് വർദ്ധിപ്പിക്കുക, പാലുല്പാദനം വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ഘടക പദ്ധതിയായ ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നൂതന പദ്ധതിയാണ്. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രധാനമായും നടപ്പിലാക്കി വരുന്നത്. ക്ഷീരോല്പാദന മേഖലയിൽ ക്ഷീര കർഷകർ നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം |

| | | | |
|---|---|---|---|
| | | | കാലിത്തീറ്റയുടെയും വൈക്കോലിന്റെയും ലഭ്യത കുറയുന്നതും വില വർദ്ധിക്കുന്നതുമാണ്. ഇതിൽ നിന്ന് കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിന് പുറമെ മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ മുഖേന പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ